പത്രക്കുറിപ്പ്
24-6-2017

# പകർച്ചപ്പനി പ്രതിരോധിക്കാൻ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയും

*** 27,28,29 തീയതികളിൽ**
*** 43 ലക്ഷം അയൽക്കൂട്ട വനിതകളും കുടുംബാംഗങ്ങളും പങ്കെടുക്കുന്നു**

തിരുവനന്തപുരം: സംസ്ഥാനത്ത് മഴക്കാലരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ ഇതു പ്രതിരോധിക്കുന്നതിനായി സർക്കാരിന്റെ ശുചീകരണ പ്രവർത്തനങ്ങളിൽ ഭാഗമാകാൻ 2.77 ലക്ഷം അയൽക്കൂട്ടങ്ങൾക്കും ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നിർദേശം നൽകി. ഇതുപ്രകാരം അയൽക്കൂട്ട അംഗങ്ങളായ നാൽപ്പത്തിമൂന്ന് ലക്ഷം കുടുംബശ്രീ വനിതകളെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി 27,28,29 തീയതികളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ തീവ്രശുചീകരണ പ്രവർത്തനങ്ങൾ നടത്തും.

27,28,29 തീയതികളിൽ അയൽക്കൂട്ട വനിതകൾക്കൊപ്പം അവരുടെ കുടുംബാംഗങ്ങൾ കൂടി ശുചീകരണപ്രവർത്തനങ്ങളിലും ബോധവൽക്കരണ പരിപാടികളും പങ്കെടുക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. കൊതുകു നിവാരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കായിരിക്കും മുൻഗണന. കുടുംബശ്രീ സംഘടനാ സംവിധാനത്തെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റവും ഊർജിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതു വഴി പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് അധികൃതർ പ്രതീക്ഷിക്കുന്നത്. ഇതിനായി എല്ലാ അയൽക്കൂട്ടങ്ങളിലും അഞ്ചു കുടുംബശ്രീ വനിതകൾ വീതം ഉൾപ്പെടുന്ന സ്ക്വാഡുകൾ രൂപീകരിക്കും. ഇവരുടെ നേതൃത്വത്തിലായിരിക്കും അയൽക്കൂട്ടതലത്തിൽ ശുചീകരണ പ്രവർത്തനങ്ങളും വീടുകൾ സന്ദർശിച്ചുള്ള ബോധവൽക്കരണവും നടപ്പാക്കുക.

ഇന്നത്തെ (25-6-2017) അയൽക്കൂട്ടയോഗത്തിൽ ഇതു സംബന്ധിച്ച ചർച്ച നടത്താനും കർമപദ്ധതി തയ്യാറാക്കാനും നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങളും തങ്ങളുടെ വീടുകളും പരിസര പ്രദേശങ്ങളും ശുചീകരിക്കും. ഇതോടൊപ്പം അയൽക്കൂട്ടങ്ങളിലെ രണ്ട് അംഗങ്ങൾ വീതം തങ്ങളുടെ പരിസരത്തുള്ള വീടുകൾ സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യവും ബോധ്യപ്പെടുത്താനും നിർദേശമുണ്ട്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി ജില്ലാമിഷൻ അധികൃതർ കുടുംബശ്രീ സപ്പോർട്ടിംഗ് ടീം അംഗങ്ങൾ എന്നിവരിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള നിരീക്ഷകരെയും എല്ലാ സി.ഡി.എസുകളിലും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഡിസംബറിൽ അയൽക്കൂട്ട വനിതകളുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ 7287 കുളങ്ങൾ നവീകരിച്ചിരുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**